***'CORRUPTION, A CRIME AGAINST NATION'***

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി 20. 05. 2023**

## "OPERATION CLEAN CORP"- നഗരസഭാ കാര്യാലയങ്ങളിൽ വിജിലൻസ് വ്യാപക ക്രമക്കേടുകൾ കണ്ടെത്തി.

സംസ്ഥാനത്തെ നഗരസഭകളിലെ മരാമത്ത്, റവന്യൂ, ആരോഗ്യ വിഭാഗങ്ങളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങളുടെ അപേക്ഷകളിൽ ചില ഉദ്യോഗസ്ഥർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ലെന്നും നിയമലംഘനങ്ങൾക്ക് ചില ഉദ്യോഗസ്ഥർ ഒത്താശ ചെയ്ത് കൊടുക്കുന്നതായും വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്നലെ (19.05.2023) രാവിലെ 11.00 മണി മുതൽ **"OPERATION CLEAN CORP"-** എന്ന പേരിൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും തിരഞ്ഞെടുത്ത സോണൽ ഓഫീസുകളിലും മിന്നൽ പരിശോധന നടത്തിയത്..

കോർപ്പറേഷനുകളിലെ മരാമത്ത് വിഭാഗത്തിന്റെ കീഴിൽ ഏജന്റുമാർ ഇടനിലക്കാരായ അപേക്ഷകളിൽ മാത്രം ത്വരിതഗതിയിൽ കെട്ടിട നിർമ്മാണ പെർമിറ്റും ഒക്യുപെൻസി സർട്ടിഫിക്കറ്റുകളും നൽകുന്നതായും അല്ലാത്തവയിൽ ചില ഉദ്യോഗസ്ഥർ അകാരണമായി കാലതാമസം വരുത്തുന്നതായും ചെറിയ കാര്യങ്ങൾ പറഞ്ഞ് അപേക്ഷകൾ നിരസിച്ച് ബുദ്ധിമുട്ടിക്കുന്നതായും പൂർത്തിയായ വാണിജ്യകെട്ടിടങ്ങളിൽ കെട്ടിട നമ്പർ നേടിയ ശേഷം ചില കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള പാർക്കിംഗ് സ്ഥലം, Fire exit തുടങ്ങിയവ സംഭരണസ്ഥലങ്ങളായും മറ്റും തരം മാറ്റി ഉപയോഗിക്കുന്നതായും മാറ്റുന്നതായും ചില വാണിജ്യ കെട്ടിടങ്ങൾ കെട്ടിട നമ്പർ വാങ്ങിയ ശേഷം നടപ്പാതയോട് ചേർത്ത് ആദ്യം താല്ക്കാലികമായും പിന്നീട് സ്ഥിരമായും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി

ഉപയോഗിക്കുന്നതായും അത്തരം കെട്ടിട ഉടമകൾകൾക്കെതിരെ നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായും രഹസ്യ വിവരം ലഭിച്ചിട്ടുള്ളതാകുന്നു.

ചില കോർപ്പറേഷനുകളിലെ റവന്യൂ വിഭാഗത്തിന് കീഴിൽ വിതരണം നടത്തുന്ന സ്കോളർഷിപ്പുകളും ക്ഷേമപദ്ധതികളും ചില അനർഹർ കൈപ്പറ്റുന്നതായും കെട്ടിട നികുതി പിരിച്ചെടുക്കുന്നതിൽ അപാകതകൾ ഉള്ളതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

കോർപ്പറേഷനുകളിലെ ആരോഗ്യവിഭാഗത്തിനു കീഴിൽ കടകളുടെ ലൈസൻസിനായും മറ്റും സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ പലതും തീർപ്പാക്കാതെ മാറ്റി വയ്ക്കുന്നതായും വാണിജ്യ സ്ഥാപനങ്ങൾക്ക് ആവശ്യം വേണ്ടുന്ന പൊലൂഷൻ കൺട്രോൾ ബോർഡിന്റെ NOC Certificate കൂടാതെ തന്നെ ലൈസൻസ് പുതിക്കി നൽകുന്നതായും വിജിലൻസിന് ലഹസ്യ വിവരം ലഭിച്ചിരുന്നു.

മേല്പറഞ്ഞ അഴിമതികൾ കണ്ടെത്തുന്നതിനായാണ് തിരുവനന്തപുരം കോർപ്പറേഷനിൽ 13 ഉം, കൊല്ലം കോർപ്പറേഷനിൽ 6 ഉം, കൊച്ചിൻ കോർപ്പറേഷനിൽ 9 ഉം, തൃശ്ശൂർ കോർപ്പറേഷനിൽ 2 ഉം, കോഴിക്കോട് കോർപ്പറേഷനിൽ 9 ഉം, കണ്ണൂർ കോർപ്പറേഷനിൽ 6 ഉം, ഉൾപ്പെടെ ആകെ 45 മിന്നൽ പരിശോധനകളാണ് “Operation Clear Corp” ൻറെ ഭാഗമായി മിന്നൽ പരിശോധന നടത്തിയത്.

ഇന്നലെ മുതൽ നടത്തി വരുന്ന മിന്നൽ പരിശോധനയിൽ കൊച്ചിൻ കോർപറേഷൻ കീഴിൽ 328 അപേക്ഷകളും, കോഴിക്കോട് കോർപറേഷൻ കീഴിൽ 376 അപേക്ഷകളും, തിരുവനന്തപുരം കോർപറേഷൻ കീഴിൽ 185 അപേക്ഷകളും, കണ്ണൂർ കോർപറേഷൻ കീഴിൽ 64 അപേക്ഷകളും, കൊല്ലം കോർപറേഷൻ കീഴിൽ 122 അപേക്ഷകളും തൃശ്ശൂർ കോർപറേഷൻ കീഴിൽ 19 അപേക്ഷകളിലും യാതൊരു നടപടികളും സ്വീകരിക്കാതിരിക്കുന്നതായി വിജിലൻസ് കണ്ടെത്തി.

തിരുവനന്തപുരം കോർപറേഷൻ കീഴിൽ ഏജന്റ് ആയി പ്രവർത്തിക്കുന്ന 4 പേരേയും, കൊച്ചിൻ കോർപറേഷനിൽ ഏജന്റ് ആയി പ്രവർത്തിക്കുന്ന 4 പേരേയും കൊല്ലം കോർപറേഷനിൽ ഏജന്റ് ആയി പ്രവർത്തിക്കുന്ന 2 പേരേയും ഇന്നലെ നടന്ന മിന്നൽ പരിശോധനയിൽ വിജിലൻസ് തിരിച്ചറിഞ്ഞു. ഇവർ മുഖേന സമർപ്പിച്ച നിരവധി അപേക്ഷകളിൽ ചുരുങ്ങിയ കാലയളവിൽ കെട്ടിട നിർമ്മാണ പെർമിറ്റും ഒക്കുപ്പൻസി സർട്ടിഫിക്കറ്റുകളും കോർപറേഷൻ അധികാരികൾ നൽകിയതായും വിജിലൻസ് കണ്ടെത്തി.

പൊല്യൂഷൻ കണ്ട്രോൾ ബോർഡിന്റെ അനുമതിയില്ലാതെ കോഴിക്കോട് കോർപറേഷനിൽ 7 ഉം കൊല്ലം കൊച്ചി കോർപറേഷനുകളിൽ 6 വീതവും തൃശ്ശൂർ കോർപ്പറേഷൻ കീഴിൽ 2 ഉം വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് പുതുക്കി നല്കിയിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

വിവിധ അദാലത്തുകൾ മുഖേന കെട്ടിട നികുതി ഭൂനികുതി തുടങ്ങിയവ സ്വീകരിച്ച ശേഷം അവ കമ്പ്യൂട്ടറിൽ രേഖപ്പെടുത്താത്ത നിലയിൽ കോഴിക്കോട് കോർപറേഷനിൽ 255 രസീതുകളും, കണ്ണൂർ കോർപറേഷനിൽ 219 രസീതുകളും തിരുവനന്തപുരം കോർപറേഷന് കീഴിൽ 36 രസീതുകളും

വിജിലൻസ് കണ്ടെത്തി, തൃശ്ശൂർ കോർപറേഷനിൽ ഫെബ്രുവരി മാർച്ച് മാസങ്ങളിൽ അദാലത്ത് മുഖേന പിരിച്ചെടുത്ത രസീതുകൾ നാളിതുവരെയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇന്നലെ മുതൽ നടത്തി വരുന്ന മിന്നൽ പരിശോധനയിൽ കൊല്ലം കോർപറേഷനിലെ ത്രിക്കടവൂർ സോണൽ ഓഫീസിൻ കീഴിൽ വാണിജ്യ സ്ഥാപനം ആരംഭികുന്നതിനു സർട്ടിഫിക്കറ്റ് നൽകിയ ശേഷം ലൈസൻസ് ഇല്ലാതെ ഒരു ആശുപത്രി പ്രവർത്തിക്കുന്നതായും മറ്റൊരു സ്ഥാപനത്തിൽ രണ്ടു നിലകൾക്ക് അനുമതി വാങ്ങിയ ശേഷം മൂന്ന് നിലകൾ നിർമ്മിചിരിക്കുന്നതായും കണ്ണൂർ കോർപറേഷനിലെ ചേലോറ സോണൽ ഓഫീസിൻ കീഴിൽ 4 കെട്ടിടങ്ങൾ പർക്കിങ്ങിനായി മാറ്റി വച്ച സ്ഥലത്ത് വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായും സ്റ്റെയർ കെയ്സ് ഗോഡൌൺ ആയി ഉപയോഗിക്കുന്നതായും, കൊല്ലം ജില്ലയിലെ വടക്കേവിള സോണൽ ഓഫീസിൽ നിർമ്മിച്ച ചില ബഹുനില കെട്ടിടങ്ങൾക്ക് ചുറ്റും നിയമ പ്രകാരം ഇടേണ്ട സ്ഥലം രൂപ മാറ്റം വരുത്തി ഉപയോഗികുന്നതായും, തിരുവനന്തപുരം ഫോർട്ട് സോണൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ 4 കെട്ടിടങ്ങൾ റോഡിനോട് ചേർന്ന് ഫുട്പാത്തിൽ ഇറക്കി നിർമ്മിച്ചിരിക്കുന്നതായും വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തി. തിരുവനന്തപുരം ആറ്റിപ്ര സോണൽ ഓഫീസിൽ നടത്തിയ പരിശോധനയിൽ കുളത്തൂരിലെ ഒരു ബഹുനില കെട്ടിടത്തിനു 2017 ൽ ലോഡ്ജിനു വേണ്ടി നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം രൂപമാറ്റം വരുത്തി നിലവിൽ ആശുപത്രിയായി പ്രവർത്തിക്കുന്നതായും വിജിലൻസ് കണ്ടെത്തി. ഇതേ ആശുപത്രിയുടെ മറ്റൊരു കെട്ടിടത്തിനു 4 നിലകൾക്ക് പെർമിറ്റ വാങ്ങിഇയ ശേഷം 6 നിലകൾ നിമ്മിച്ചതായും വിജിലൻസ് കണ്ടെത്തി. കൊല്ലം കോർപറേഷനു കീഴിലെ ചിന്നക്കടയിൽ റോഡിനോട്ടു ചേർന്ന് പണി പൂർത്തിയാക്കിയ ഒരു കച്ചവട സ്ഥാപനത്തിനും കോഴിക്കോട് കോർപറേഷനിൽ റോഡിനോട്ടു ചേർന്ന് പണി പൂർത്തിയാക്കിയ 5 കെട്ടിടങ്ങൾക്കും കോർപറേഷൻ അധികാരികൾ ഒക്കുപൻസി സർട്ടിഫിക്കറ്റ് നല്കിയിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

കണ്ണൂർ കോർപറേഷനിൽ പല അപേക്ഷകളും സീനിയോരിറ്റി മറികടന്നാണ് പെർമിട്ട് നൽകിയതെന്നും കെട്ടിട ലൈസെൻസ്കൾക്കായി ലഭിച്ച 389 അപേക്ഷകളിൽ നടപടികൾ സ്വീകരിച്ച ശേഷം വിതരണം ചെയ്യാതെ മാറ്റി വച്ചിരിക്കുന്നതായും, കണ്ണൂർ ചേലോറ സോണൽ ഓഫീസിൻ കീഴിൽ ഉപരിപഠനം നടത്തുന്ന പട്ടികജാതി വിദ്യർത്ഥിനികൾക്കായി വാങ്ങിയ 15 ലാപ്ടോപ്പു കൾ വിതരണം ചെയ്യാതെ മാറ്റി വച്ചിരിക്കുന്നതായും വിജിലൻസ് കണ്ടെത്തി.

കൊല്ലം കോർപറേഷനിലെ മരാമത്ത് വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൌണ്ടിലേക്ക് ഒരു കോൺട്രാക്ടർ 15000 രൂപയും , ഒരു ഏജന്റ് 25000 രൂപയും ഗൂഗിൾ പേ വഴി നൽകിയതായും വിജിലൻസ് കണ്ടെത്തി.

കോഴിക്കോട് കോർപറേഷനിൽ പല വാഹനങ്ങളും നടപടി ക്രമങ്ങൾ പാലിക്കാതെയാണ് വാടകയ്ക്ക് എടുത്തിരിക്കുന്നതെന്നും വിജിലൻസ് കണ്ടെത്തി.

സംസ്ഥാനത്തെ കോർപറേഷനുകളിൽ ഏജന്റ്മാർ മുഖേന സമർപ്പിച്ചിട്ടുള്ള മുഴുവൻ അപേക്ഷകളും വരും ദിവസങ്ങളിൽ കൂടുതൽ വിശധമായ പരിശോധനകൾക്ക് വിധേയമാക്കുമെന്നും ആവശ്യമെങ്കിൽ സ്ഥല പരിശോധന ഉൾപ്പെടെ തുടർ ദിവസങ്ങളിൽ നടത്തുമെന്നും വിജിലൻസ് ഡയറക്ടർ മനോജ്എബ്രഹാം ഐപിഎസ് അറിയിച്ചു .

വിജിലൻസ് ഡയറക്ടർ മനോജ്എബ്രഹാം ഐപിഎസിന്റെ ഉത്തരവിൻ പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറലിന്റെ ചുമതല വഹിക്കുന്ന വിജിലൻസ് പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) ശ്രീ ഇ. എസ് ബിജുമോൻ, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.സി. വിനോദ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും റേഞ്ച് ഓഫീസുകളും പങ്കെടുത്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ ആയ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സപ്പ് നമ്പർ ആയ 9447789100 എന്ന നമ്പറിലോ എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ശ്രീ. മനോജ്എബ്രഹാം ഐപിഎസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.